2026
SEPTEMBER
18
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# ജമ്മു കശ്മീരിൽ ടൂറിസം രംഗത്ത് വൻകിട പദ്ധതികൾ

**ശ്രീനഗർ:** പഹൽഗാം ഭീകരാക്രമണത്തിനു ശേഷം സഞ്ചാരികളെ വരവേൽക്കാൻ ടൂറിസം മേഖലയിൽ ഉൾപ്പെടെ അടിസ്ഥാനസൗകര്യവികസന രംഗത്തു വൻകിട പദ്ധതികളുമായി ജമ്മു കശ്മീർ. സഞ്ചാരികൾക്ക് ആത്മവിശ്വാസം നൽകുന്ന തരത്തിലാണ് പദ്ധതികൾ നടപ്പാക്കുന്നത്. സഞ്ചാരികളെ സുരക്ഷിതമായി സ്വാഗതം ചെയ്യാൻ റോഡ്, റെയിൽ, ടൂറിസം, ഊർജമേഖല, അടിസ്ഥാനസൗകര്യ രംഗത്താണു വൻകിട നിക്ഷേപങ്ങൾ നടത്തുന്നത്.

ലോകത്തെ ഏറ്റവും ഉയരത്തിലുള്ള റെയിൽവേ ആർച്ച് ബ്രിജായ ജമ്മു കശ്മീരിലെ ചെനാബ് പാലം തുറന്നു നൽകിയതുൾപ്പെടെ 46,000 കോടി രൂപയുടെ വിവിധ പദ്ധതികളാണു കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ കശ്മീരിനായി നൽകിയത്. കശ്മീർ താഴ്വരയെ ലഡാക്കുമായി ബന്ധിപ്പിക്കുന്ന ഏഷ്യയിലെ ഏറ്റവും നീളമേറിയ തുരങ്കം സോജിലയുടെ നിർമാണം 2028ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടാണ് മുന്നോട്ടുപോകുന്നത്.

തുരങ്കം പൂർത്തിയാകുന്നതോടെ ഓരോ വർഷവും ടൂറിസം, ഇന്ധന ച്ചെലവ്, ചരക്കുകടത്ത് ഉൾപ്പെടെയുള്ള ഇനത്തിൽ 5,830 കോടി രൂപയുടെ അധികവരുമാനം ഉണ്ടാകുമെന്നാണു പ്രതീക്ഷ.

കശ്മീരിനു തുരങ്കടൂറിസം എന്ന പുതിയ സാധ്യതയും ഇതോടെ തുറന്നിടുകയാണ്. ജമ്മു ശ്രീനഗർ യാത്രയുടെ ദൈർഘ്യം കുറയ്ക്കുന്ന ജമ്മുതാവി ശ്രീനഗർ വന്ദേഭാരത് എക്സ്പ്രസ് ട്രെയിൻ ആകർഷകമായി തുടരുന്നു. ഉത്തരേന്ത്യയിലെ ഊർജദാതാവ് എന്ന നിലയിലേക്കു കശ്മീരിനെ മാറ്റുന്നതാണു ത്സലം നദിയിലെ ജലം ഉപയോഗിച്ചുള്ള ഉറി ജല പദ്ധതികൾ.

പഹൽഗാം ആക്രമണത്തിനു ശേഷം അടച്ചിട്ട മുപ്പതിലേറെ ടൂറിസം കേന്ദ്രങ്ങൾ സുരക്ഷാ ഓഡിറ്റിനു ശേഷം തുറന്നു. ഡ്രോൺ നിരീക്ഷണം ഉൾപ്പെടെ നടത്തുന്നുണ്ടെങ്കിലും 'ഇവിടം പ്രശ്നരഹിതം' എന്ന രീതിയിലാണു നിയന്ത്രണം.

പാക് അധിനിവേശ കശ്മീരിനോടു ചേർന്നുള്ള മേഖലകളിലേക്കുൾപ്പെടെ 'ബോർഡർ ടൂറിസത്തിന്റെ' ഭാഗമായി സഞ്ചാരികളെ സ്വാഗതം ചെയ്യുന്നുണ്ട്.

## ജ്വല്ലറി പാർക്ക്: 2000 കോടി നിക്ഷേപം; പദ്ധതി റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ച് കെജിഎസ്എംഎ

**കൊച്ചി:** കേരളത്തിലെ സ്വർണാഭരണ മേഖലയെ ആധുനിക വ്യവസായ മേഖലയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ബജറ്റിൽ പ്രഖ്യാപിച്ച ജ്വല്ലറി പാർക്കിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് മുഖ്യമന്ത്രിക്കു സമർപ്പിച്ചു. കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ (കെജിഎസ്എംഎ) സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രനും സംസ്ഥാന ജനറൽ സെക്രട്ടറി എസ്.അബ്ദുൽ നാസറും ചേർന്നാണ് പദ്ധതി റിപ്പോർട്ട് മുഖ്യമന്ത്രിക്കു കൈമാറിയത്.

2000 കോടിയിലേറെ രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ഏകദേശം 30 ഏക്കർ സ്ഥലം ആവശ്യമാണ്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വിഭാവനം ചെയ്യുന്ന പദ്ധതി യാഥാർഥ്യമായാൽ ആഭരണ നിർമാണം, ഡിസൈൻ, റിഫൈനിങ്, ഹോൾമാർക്കിങ്, പരിശോധന, പാക്കേജിങ്, ലോജിസ്റ്റിക്സ്, കയറ്റുമതി തുടങ്ങി സ്വർണാഭരണ മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഒരൊറ്റ സ്ഥലത്ത് ഏകോപിപ്പിക്കാൻ സാധിക്കും.

ജ്വല്ലറി പാർക്ക് യാഥാർഥ്യമായാൽ ഏകദേശം 24,000 പേർക്ക് നേരിട്ടു തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷ. ഇതിനു പുറമേ അനുബന്ധ മേഖലകളിൽ പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. പദ്ധതിക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ സംബന്ധിച്ച് മുഖ്യമന്ത്രിയുമായി ഭാരവാഹികൾ ചർച്ച നടത്തി.

## ടാറ്റ സൺസ് ചെയർമാനായി എൻ.ചന്ദ്രശേഖരന് 5 വർഷം കൂടി തുടരാൻ ഡയറക്ടർ ബോർഡിന്റെ അനുമതി

**മുംബൈ:** ടാറ്റ സൺസ് ചെയർമാനായി എൻ.ചന്ദ്രശേഖരന് 5 വർഷം കൂടി തുടരാൻ ഡയറക്ടർ ബോർഡിന്റെ അനുമതി. ടാറ്റ ട്രസ്റ്റ്സ് ചെയർമാൻ നോയൽ ടാറ്റയുമായുള്ള അഭിപ്രായഭിന്നതകളെ തുടർന്ന് കഴിഞ്ഞമാസം ചന്ദ്രശേഖരൻ രാജിപ്രഖ്യാപിച്ചിരുന്നു. 2027 ഫെബ്രുവരി വരെയാണ് അദ്ദേഹത്തിന് നിലവിൽ കാലാവധി. അതിനു ശേഷം പുനർനിയമനം തേടില്ലെന്നാണ് വ്യക്തമാക്കിയിരുന്നത്. ചന്ദ്രയ്ക്ക് പകരക്കാരനെ കണ്ടെത്താൻ ടാറ്റ നടപടികളും തുടങ്ങിയിരുന്നു. ഇന്നലെ ചേർന്ന ബോർഡ് യോഗത്തിലും ടാറ്റ ട്രസ്റ്റ്സ് ചെയർമാൻ നോയൽ ടാറ്റ മാത്രം ചന്ദ്രയ്ക്ക് കാലാവധി നീട്ടണമെന്ന തീരുമാനത്തെ എതിർത്തെന്നാണ് റിപ്പോർട്ടുകൾ. ടാറ്റ സൺസ് ഡയറക്ടർ ബോർഡിന്റെ തീരുമാനം നിയമവിരുദ്ധമാണെന്ന് ടാറ്റ ട്രസ്റ്റ്സും വിലയിരുത്തുന്നതായി റിപ്പോർട്ടുകളിലുണ്ട്. തീരുമാനത്തിനെതിരെ ടാറ്റ ട്രസ്റ്റ്സ് കോടതിയെ സമീപിച്ചേക്കും.

എൻബിഎഫ്സിയായി തുടരാനില്ലെന്ന് കാട്ടി ലൈസൻസ് റദ്ദാക്കാനുള്ള അപേക്ഷ റിസർവ് ബാങ്കിന് ടാറ്റ സൺസിന് നൽകിയിരുന്നു. ഇത് തള്ളിയ റിസർവ് ബാങ്ക് പ്രാരംഭ ഓഹരി വിൽപന (ഐപിഒ), ലിസ്റ്റിങ് നടപടികളിലേക്ക് കടക്കാൻ ടാറ്റ സൺസിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഐപിഒ ആസന്നമായിരിക്കേയാണ് ചന്ദ്രയ്ക്ക് കാലാവധി നീട്ടിക്കൊടുക്കാനുള്ള ബോർഡിന്റെ തീരുമാനം. ഐപിഒയ്ക്ക് ടാറ്റ സൺസിനെ സജ്ജമാക്കാൻ കൂടിയാണ് ചന്ദ്രയ്ക്ക് കാലാവധി നീട്ടിനൽകുന്നത്.




## സൗദി അരാംകോ ഇന്ത്യയിലേക്കുള്ള ക്രൂഡ് വിതരണം നിർത്തി: കമ്പനികൾക്ക് തിരിച്ചടി, എണ്ണവില ഉയർന്നേക്കും

**ന്യൂദൽഹി:** സൗദി അരാംകോയുടെ പ്രധാന പൈപ്പ്ലൈനിന് നേരെയുണ്ടായ ഡ്രോൺ ആക്രമണത്തെ തുടർന്ന് ഇന്ത്യയിലേക്കുള്ള ക്രൂഡ് വിതരണം നിർത്തിവെച്ചത് കമ്പനികൾക്ക് ആഘാതമായി. ഇറാൻ യുദ്ധം ആരംഭിച്ചതിനു ശേഷം ഇന്ത്യയുടെ മൊത്തം എണ്ണ ഇറക്കുമതിയുടെ ഒമ്പത് ശതമാനവും സൗദിയിൽനിന്നായിരുന്നു. വിതരണത്തിലുണ്ടായ പെട്ടെന്നുള്ള കുറവ് എണ്ണവിലയെ ബാധിച്ചേക്കാം. പകരം സംവിധാനം കണ്ടെത്താനാകുമെങ്കിലും ഉയർന്ന ചരക്കുകൂലി ഉൾപ്പെടെയുള്ള അധിക സാമ്പത്തിക ബാധ്യതകൾ കമ്പനികൾക്ക് നേരിടേണ്ടിവരും.

ഇറക്കുമതി വിഹിതം: ഇറാൻ യുദ്ധം തുടങ്ങിയ കാലം മുതൽ ഇന്ത്യയുടെ എണ്ണ ഇറക്കുമതിയുടെ ഒൻപത് ശതമാനത്തോളം സൗദി അറേബ്യയിൽ നിന്നായിരുന്നു.

വിതരണ നിലവാരം: വാർഷിക കരാറുകൾ പ്രകാരം ഔദ്യോഗിക വിലയ്ക്കാണ് നിലവിൽ ഇന്ത്യയിലേക്ക് വിതരണം നടക്കുന്നത്.

അരാംകോയിൽ നിന്നുള്ള വിതരണം നിലച്ചത് മറ്റ് സ്രോതസ്സുകൾ കണ്ടെത്താൻ ഇന്ത്യയെ പ്രേരിപ്പിക്കും. പകരമുള്ള സംവിധാനങ്ങൾ കണ്ടെത്തുന്നത് അസാധ്യമല്ലെങ്കിലും സാമ്പത്തിക ബാധ്യത കൂടും.

സൗദി അറേബ്യയുടെ നിർണായകമായ ഈസ്റ്റ്വെസ്റ്റ് പൈപ്പ്ലൈനിന് നേരെയുണ്ടായ ഡ്രോൺ ആക്രമണത്തെത്തുടർന്നാണ് വിതരണം താൽക്കാലികമായി നിർത്തിവെക്കാൻ അരാംകോ നിർബന്ധിതമായത്. ഇറാഖി മിലിഷ്യ ഡ്രോണുകളാണ് പൈപ്പ്ലൈനിന് നേരെ ആക്രമണം നടത്തിയതെന്നാണ് ആരോപണം. സമുദ്രപാതയായ ഹോർമുസിലെ തടസ്സം കാരണം അസംസ്കൃത എണ്ണ വിതരണത്തിനായി രാജ്യം ഉപയോഗിച്ചിരുന്ന പ്രധാന ബദൽ മാർഗ്ഗമായിരുന്നു ഈ പൈപ്പ്ലൈൻ.

സൗദി അരാംകോയുടെ വിതരണ നിയന്ത്രണം രാജ്യത്തെ ഇന്ധന വിപണിയിൽ പെട്ടെന്ന് സമ്മർദമുണ്ടാക്കിയിട്ടുണ്ട്.

പകരം സംവിധാനങ്ങൾ കണ്ടെത്തുക എന്നതിനേക്കാൾ, ഉയർന്നുവരുന്ന എണ്ണവിലയും ചരക്കുകൂലിയും നിയന്ത്രിക്കുക എന്നതാണ് ഇന്ത്യൻ റിഫൈനറികൾ നേരിടുന്ന പ്രധാന വെല്ലുവിളി. വരും ദിവസങ്ങളിൽ ആഗോള രാഷ്ട്രീയ സാഹചര്യങ്ങൾ എണ്ണവിലയെ എങ്ങനെ സ്വാധീനിക്കുന്നു എന്നത് നിർണായകമായിരിക്കും.



## കുട്ടികളുടെ സൗജന്യ ഹൃദയ ശസ്ത്രക്രിയ പദ്ധതി, ഹൃദയ ചിറ്റാമൃതം

# അമൃത ആശുപത്രിയും കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും ധാരണാപത്രം കൈമാറി

**കൊച്ചി:** 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ സൗജന്യ ഹൃദയ ശസ്ത്രക്രിയ പദ്ധതിയായ ഹൃദയ ചിറ്റാമൃതത്തിന് കൊച്ചിയിൽ തുടക്കം. ആരോഗ്യരംഗത്തെ സാമൂഹിക ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിനായി, അമൃത ആശുപത്രിയും കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും തമ്മിലുള്ള ഹൃദയ ചിറ്റാമൃതം ധാരണാപത്രം കൈമാറി. കാക്കനാട് ചിറ്റിലപ്പിള്ളി സ്ക്വയറിൽ നടന്ന ചടങ്ങിലായിരുന്നു ധാരണാപത്ര കൈമാറ്റം.

കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ ചെയർമാൻ കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി, അമൃത ആശുപത്രി ചീഫ് മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. പി. പ്രതാപൻ നായർ എന്നിവർ ചടങ്ങിൽ ധാരണാപത്രം കൈമാറി.

കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ സോഷ്യൽ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ വിനോദ് എസ്. എം. ചടങ്ങിൽ സ്വാഗതം ആശംസിച്ചു. അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയാക് സർജറി വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോ. ബ്രിജേഷ്. പി.കെ. ഹൃദയ ചിറ്റാമൃതം പദ്ധതിയുടെ ലക്ഷ്യവും, പ്രവർത്തന രീതിയും വിശദീകരിച്ചു.പീഡിയാട്രിക് കാർഡിയോളജി വിഭാഗം പ്രൊഫസറും മേധാവിയുമായ ഡോ. ആർ. കൃഷ്ണകുമാർ, ഡോ. ബാലു വൈദ്യനാഥൻ, കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോർജ് സ്ലീബ, ജോയിൻറ് എക്സിക്യൂട്ടീവ് ഡയറക്ടർ ബി.ജയരാജ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. അമൃത ആശുപത്രി സീനിയർ എക്സിക്യൂട്ടീവ് ഓഫീസർ ഡോ. വിഷ്ണു കെ. സന്തോഷ് നന്ദി പറഞ്ഞു.

അമൃത ആശുപത്രിയുടെ ഇത്തരം ബൃഹത്തായ പദ്ധതിയിൽ കൂടെ ചേർന്ന് പ്രവർത്തിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും, അറിയപ്പെടാത്ത കുറെ കുട്ടികൾക്ക് പദ്ധതിയുടെ ഗുണം ലഭിക്കട്ടെ എന്നും കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി പറഞ്ഞു. 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയക്കായി 10 കോടി രൂപയുടെ സാമ്പത്തിക സഹായം ആണ് കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ പദ്ധതിക്കായി ചെലവഴിക്കുന്നത്.

# അന്താരാഷ്ട്ര സമ്മേളനം സമാപിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സെന്റർ ഫോർ ന്യൂറോസയൻസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ത്രിദിന അന്താരാഷ്ട്ര ട്രാൻസ്ലേഷണൽ ന്യൂറോസയൻസ് സമ്മേളനം സമാപിച്ചു.

സമാപനച്ചടങ്ങിൽ സെന്റർ ഫോർ ന്യൂറോസയൻസ് മേധാവി ഡോ. ബേബി ചക്രപാണി സമ്മേളനത്തിന്റെ മൂന്ന് ദിവസങ്ങളിലെയും ശാസ്ത്രീയ നടപടികളുടെ വിശദാംശങ്ങൾ അവതരിപ്പിച്ചു. ന്യൂറോസയൻസ് മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷകർ, ക്ലിനീഷ്യൻമാർ, അധ്യാപകർ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്ത വിവിധ ശാസ്ത്രീയ സെഷനുകൾ, അവതരണങ്ങൾ, ചർച്ചകൾ എന്നിവ അദ്ദേഹം വിശദീകരിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ബ്രെയിൻ സിമ്പോസിയം, ബ്രെയിൻ എക്സിബിഷൻ, 3ഉ ബ്രെയിൻ പ്രൊജക്ഷൻ തുടങ്ങിയ പൊതുജന ബോധവത്കരണ പരിപാടികളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ശാസ്ത്രസമൂഹത്തിന് പുറത്തുള്ള പൊതുജനങ്ങളിലേക്കും ന്യൂറോസയൻസുമായി ബന്ധപ്പെട്ട ആശയങ്ങൾ എത്തിക്കാൻ ഈ പരിപാടികൾ സഹായിച്ചു.

ഡോ. ശങ്കരനാരായണ റാവുവിന്റെ അധ്യക്ഷതയിൽ നടന്ന സമാപനച്ചടങ്ങിൽ സമ്മേളനത്തിലെ വിപുലമായ ശാസ്ത്രീയ ചർച്ചകളെ അദ്ദേഹം വിലയിരുത്തി. വിവിധ പശ്ചാത്തലങ്ങളിലും സ്ഥാപനങ്ങളിലും നിന്നുള്ള പങ്കാളികൾക്ക് ആശയവിനിമയത്തിനും അറിവ് പങ്കിടുന്നതിനും സമ്മേളനം അവസരമൊരുക്കിയതായി അദ്ദേഹം പറഞ്ഞു.

സമാപനച്ചടങ്ങിന്റെ ഭാഗമായി മികച്ച ഓറൽ പ്രസന്റേഷനും മികച്ച പോസ്റ്റർ പ്രസന്റേഷനും പുരസ്കാരങ്ങൾ വിതരണം ചെയ്തു. സമ്മേളനത്തിലെ പങ്കാളിത്തത്തിനും സംഭാവനകൾക്കും ഐ.ഐ.എസ്.സി. ബെംഗളൂരു, നിംഹാൻസ് ബെംഗളൂരു, ഫെറോറ എന്നിവയ്ക്ക് പ്രത്യേക അംഗീകാരവും നൽകി.

സെന്റർ ഫോർ ന്യൂറോസയൻസ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. താര സുധാദേവി നന്ദി രേഖപ്പെടുത്തി.

പ്രഭാഷകർ, പ്രതിനിധികൾ, സഹകരിച്ച സ്ഥാപനങ്ങൾ, പങ്കാളികൾ, സംഘാടകർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്കും സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് സംഭാവന നൽകിയ എല്ലാവർക്കും അവർ നന്ദി അറിയിച്ചു.




# ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വിദഗ്ധരുടെ ദേശീയ സമ്മേളനം തുടങ്ങി

**കൊച്ചി:** രാജ്യത്തെ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിദഗ്ധരുടെ സംഘടനയായ ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആൻഡ് ഇമ്മ്യൂണോഹീമറ്റോളജി (ഐഎസ്ബിടിഐ) യുടെ 51ാം ദേശീയ സമ്മേളനം ട്രാൻസ്കോൺ 26 തുടങ്ങി. ഡോക്ടർമാർക്കായി കൊച്ചി ലുലു മാരിയറ്റ് ഹോട്ടലിൽ നടന്ന തുടർ വിദ്യാഭ്യാസ പരിപാടി സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ഡയക്ടർ ഡോ. പിയൂഷ് എം നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്തു. ഐഎസ്ബിടിഐ ദേശീയ പ്രസിഡന്റ് ഡോ. യുധ്ബീർ സിങ് അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ. സജിത് വിളമ്പിൽ, സംസ്ഥാന സെക്രട്ടറി ഡോ. ഷൈജി പി എസ്, സംസ്ഥാന ട്രഷറർ ഡോ. അമിത ആർ നായർ എന്നിവർ പ്രസംഗിച്ചു.

അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, രാജഗിരി ആശുപത്രി, ആക്ടിമോസ് ലാബ് ഉൾപ്പെടെ ജില്ലയിലെ എട്ട് കേന്ദ്രങ്ങളിലായി വിവിധ ശിൽപ്പശാലകളും നടന്നു. ഡോ.അന്റോണിയോ പോൾ, ഡോ. വീണ ഷേണായി, ഡോ. ലിൻഡ ജോൺ, ഡോ. നിത്യ എം ബൈജു, ഡോ. അരുൺ വിജെ, ഡോ. വിനു രാജേന്ദ്രൻ, ഡോ. എയ്ഞ്ചൽ മേരി സാം, ഡോ.ചിത്ര ജയിംസ്, ഡോ. രാജേഷ് ആർ ചന്ദ്രൻ, ഡോ. അർച്ചന കെ എ, ഡോ.അഞ്ജലി പി എസ്, ഡോ. ആഷ്ലി മോൻസൻ മാത്യു എന്നിവർ ശിൽപ്പശാലകൾ നയിച്ചു.

ചാക്കോളാസ് പവിലിയൻ കൺവൻഷൻ സെന്ററിൽ നടക്കുന്ന സമ്മേളനം ഇന്ന് (വെള്ളി) വൈകിട്ട് 6ന് ആരോഗ്യ സർവകലാശാലാ വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്യും. ഐഎസ്ബിടിഐ ദേശീയ പ്രസിഡന്റ് ഡോ. യുധ്ബീർ സിങ് അധ്യക്ഷത വഹിക്കും. മുതിർന്ന ഡോക്ടർമാരെ ചടങ്ങിൽ ആദരിക്കും. ഐഎസ്ബിടിഐ പുരസ്കാരങ്ങളും സമ്മാനിക്കും. ഐഎസ്ബിടിഐ കേരള ചാപ്റ്ററും തൃശൂർ ഗവ. മെഡിക്കൽ കോളജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗവും ചേർന്നാണ് സമ്മേളനം നടത്തുന്നത്. വിദേശത്തു നിന്നടക്കമുള്ള 1000 ഡോക്ടർമാരും രാജ്യത്തെ വിവിധ മെഡിക്കൽ കോളജുകളിൽ നിന്നുമായി മുന്നോറോളം പിജി വിദ്യാർഥികളും 200 ബ്ലഡ്ബാങ്ക് ടെക്നീഷ്യൻമാരുമാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

നാല് ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ വിദഗ്ധർ 20 പ്രബന്ധങ്ങളും 70 പോസ്റ്ററുകളും അവതരിപ്പിക്കും. പിജി വിദ്യാർഥികൾ 30 പ്രബന്ധങ്ങളും 130 പോസ്റ്ററുകളും അവതരിപ്പിക്കും. വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചകളും നടക്കും. ആരോഗ്യരംഗത്തെ വിവിധ മേഖലകളെ സമന്വയിപ്പിച്ച് 50 സ്റ്റാളുകളും ഒരുക്കിയിട്ടുണ്ട്. കലാപരിപാടികളും നടക്കും. ഞായറാഴ്ച്ച ഉച്ചയ്ക്ക് 12ന് സമാപന സമ്മേളനം.



# ഗുഡ് മോർണിംഗ് എറണാകുളം പദ്ധതി അഞ്ചാം വർഷത്തിലേക്ക്

## വിദ്യാർഥികൾക്കായി വിശന്നിരിക്കാത്ത പ്രഭാതങ്ങളുമായി ടി.ജെ വിനോദ് എം.എൽ.എ

**കൊച്ചി:** ഒരു വിദ്യാർഥിയും വിശന്ന വയറുമായി ക്ലാസ് മുറിയിലിരിക്കാൻ ഇടയവരുത് എന്ന ലക്ഷ്യത്തോടെ ടി.ജെ. വിനോദ് എം.എൽ.എയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ഗുഡ് മോർണിംഗ് എറണാകുളം' പ്രാത ഭക്ഷണ പദ്ധതി അഞ്ചാം വർഷത്തിലേക്ക്. എറണാകുളം നിയോജക മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർഥികൾക്കായാണ് പദ്ധതി നടപ്പാക്കുന്നത്.

ഈ അധ്യയന വർഷത്തെ പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 18ന് രാവിലെ 8.30ന് പുല്ലേപ്പടി ദാറുൽ ഉലൂം ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ ഉദ്ഘാടനം നിർവഹിക്കും. ടി.ജെ. വിനോദ് എം.എൽ.എ അധ്യക്ഷനാകും. ഹൈബി ഈഡൻ എം.പി., കൊച്ചി മേയർ അഡ്വ. വി.കെ. മിനിമോൾ, ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ലിസ്സി വാര്യത്ത്, ഡെപ്യൂട്ടി മേയർ വി.ആർ. സുധീർ, എറണാകുളം ഡി.ഡി.ഇ സുബിൻ പോൾ തുടങ്ങിയവർ പങ്കെടുക്കും.

ഓരോ വിദ്യാലയത്തിലും അതത് സ്കൂൾ പ്രധാനാധ്യാപകന്റെ ചുമതലയിലാണ് പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നത്. അപ്പം,മുട്ടക്കറി, അപ്പം,ചെറുപയർ കറി, പുട്ട്,കടലക്കറി,



ചപ്പാത്തി,വെജിറ്റബിൾ കറി, ഉപ്പുമാവ്,പഴം, ഇഡലി,സാമ്പാർ തുടങ്ങിയ വൈവിധ്യമാർന്ന പ്രഭാത ഭക്ഷണങ്ങളാണ് വിദ്യാർഥികൾക്ക് നൽകുക.

DDEയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഓരോ സ്കൂളിലെയും പ്രധാനാധ്യാപകർ നിർവഹണ ചുമതല വഹിക്കുന്നതിലൂടെ പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമായും ഉത്തരവാദിത്തോടെയും ഉറപ്പാക്കുന്നു.

ഒരു വിദ്യാർഥിയും വിശന്നിരിക്കരുതെന്ന ചിന്തയിൽ നിന്നാണ് ടി.ജെ. വിനോദ് എം.എൽ.എ പദ്ധതി ആരംഭിച്ചത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കും ആത്മാഭിമാനത്തോടെ പ്രഭാത ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യവും പദ്ധതിക്കുണ്ട്. പഠനത്തിന് ആവശ്യമായ ആരോഗ്യവും ഊർജവും കുട്ടികൾക്ക് ഉറപ്പാക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

BPCL, Geojit ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെയാണ് പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നത്. കുട്ടികളുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനുമായി സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പിന്തുണയാണ് പദ്ധതിയുടെ കരുത്ത്. ആജ്ഞ്ഹ എക്സിക്യൂട്ടീവ് ഡയറക്ടർ ചാക്കോ എം. ജോസും Geojit Finance മാനേജിങ് ഡയറക്ടർ സി.ജെ. ജോർജും ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

ടി.ജെ. വിനോദ് എം.എൽ.എ എറണാകുളം നിയോജകമണ്ഡലത്തിൽ ആരംഭിച്ച 'ഗുഡ് മോർണിംഗ് എറണാകുളം' ഇന്ന് കേരളത്തിൽ വിവിധ ഇടങ്ങളിൽ മാതൃകയായി പദ്ധതിയായി വളർന്നിട്ടുണ്ട്. വിശപ്പില്ലാത്ത പ്രഭാതങ്ങളിലൂടെ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പഠിക്കാനുള്ള സാഹചര്യമൊരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

'ഒരു വിദ്യാർഥിയും വിശന്നിരിക്കരുത്. അറിവിന്റെ ലോകത്തേക്ക് ഓരോ കുട്ടിയും നിറഞ്ഞ മനസ്സോടെ നടന്നടുക്കണം. അതിനുള്ള ഒരു കൂട്ടായ കരുതലാണ് ഗുഡ് മോർണിംഗ് എറണാകുളം,' ടി.ജെ. വിനോദ് എം.എൽ.എ പറഞ്ഞു.

# വയോജന പരിചരണ കോഴ്സുകൾ ആരംഭിക്കും: മുഖ്യമന്ത്രി

**തിരുവനന്തപുരം:** വയോജന പരിചരണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വയോജന പരിചരണ കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തിരുവനന്തപുരത്ത് നടക്കുന്ന 'റീ ഇമാജിനിങ്ങ് കേരള' റൗണ്ട് ടേബിൾ കോൺഫറൻസിന്റെ രണ്ടാം ദിനത്തിൽ 'കേരളം സിൽവർ ഇക്കോണമി' പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വിദേശ രാജ്യങ്ങളിൽ നിന്നുള്ള സിലബസുകൾ ഇതിനായി പരിശോധിക്കും. മെഡിക്കൽ കോളജുകൾ, നഴ്സിംഗ് കോളജുകൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ വയോജന പരിചരണ കോഴ്സുകൾ ആരംഭിക്കാനാകും. കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് സൗകര്യവും ഒരുക്കും. കൂടുതൽ തൊഴിൽ അവസരം ഇതുവഴി ലഭ്യമാകും.

ഇന്ത്യയിൽ ആദ്യമായി വയോജനങ്ങൾക്കായി വകുപ്പ് ആരംഭിച്ചത് സംസ്ഥാനത്താണ്. ജനസംഖ്യാ ഘടനയിൽ വലിയ മാറ്റം സംഭവിക്കുന്നു. ചെറുപ്പക്കാരുടെ അനുപാതം കുറയുമ്പോൾ മറുവശത്ത് വയോജനങ്ങൾ വർധിക്കുന്നു. അതിനാൽ വയോജന മേഖലയിലെ മാറ്റങ്ങളെക്കുറിച്ചും ഭാവിയെ കുറിച്ചും കൂടുതൽ ചിന്ത ആവശ്യമാണ്. വയോജനങ്ങളെ സഹായിക്കുന്നതിന് സർക്കാരും തദ്ദേശ സ്ഥാപനങ്ങളും മറ്റ് സംഘടനകളും



ചേർന്ന് ഒരു ത്രികക്ഷി സംവിധാനം ഒരുക്കും. വയോജനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ ഡാറ്റാബേസ് സംവിധാനം രൂപീകരിക്കും, തദ്ദേശ സ്ഥാപനങ്ങൾ വഴി ഈ ഡാറ്റ എളുപ്പത്തിൽ ശേഖരിക്കാനാകും. ഒരു പഞ്ചായത്ത് അംഗം തന്റെ വാർഡിൽ എത്ര പേർക്ക് പരിചരണം ആവശ്യമാണെന്ന് അറിഞ്ഞിരിക്കണം.

6080 വയസുള്ള ആരോഗ്യമുള്ള വ്യക്തിക്ക് പല കാര്യങ്ങളിലും പ്രവർത്തിക്കാനാകും. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്ന യുവജനങ്ങൾക്കായി ടെക്നോമെന്റർ അല്ലെങ്കിൽ മാനേജ്മെന്റ് മെന്റർ ആയി പ്രവർത്തിക്കാൻ വയോജനങ്ങൾക്കാകും. യുവജനങ്ങളെയും വയോജനങ്ങളെയും ഒന്നിപ്പിച്ച് സാമൂഹ്യ പുരോഗതിയിലേക്ക് നയിക്കണം. പാലിയേറ്റീവ് കെയർ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തും. ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുമായി സർക്കാർ സഹകരിക്കും. എല്ലാവരെയും ചേർത്തുപിടിക്കുന്ന സമീപനമാകും സർക്കാരിന്റേത്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെയും വിട്ടുമാറാത്ത രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവരെയും സഹായിക്കാനുള്ള സർക്കാർ പദ്ധതിയാണ് 'വൺ കേരള കരുതൽ മിഷൻ'. കെയർ ഹോം മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി പ്രത്യേക മാനദണ്ഡം രൂപീകരിക്കും. നിലവിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കെയർ ഗീവർമാർക്കും പരിശീലനം നൽകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വനിത ശിശു വികസന വകുപ്പു മന്ത്രി ബിന്ദു കൃഷ്ണ, വിവിധ മേഖലകളിലെ വിദഗ്ധർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## വന്യജീവി വാരാഘോഷം: ജില്ലാതല മത്സരങ്ങൾ 24, 25 തീയതികളിൽ

**കൊച്ചി:** സംസ്ഥാന വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി എറണാകുളം ജില്ലാതല മത്സരങ്ങൾ സെപ്റ്റംബർ 24, 25 തീയതികളിൽ മഹാരാജാസ് കോളേജിൽ നടക്കും. ജില്ലയിലെ എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത സ്വാശ്രയ സ്കൂളുകളിലെയും പ്രൊഫഷണൽ കോളേജുകളിലെയും വിദ്യാർഥികൾക്ക് പങ്കെടുക്കാം. പ്ലസ് വൺ, പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കൻഡറി തലം മുതൽ മുകളിലോട്ടുള്ള വിദ്യാർഥികൾക്ക് കോളേജ് വിഭാഗത്തിൽ മത്സരിക്കാം. സെപ്റ്റംബർ 24 രാവിലെ ഒൻപത് മുതൽ 9.30 വരെ രജിസ്ട്രേഷൻ നടക്കും. 9.30 മുതൽ 11.30 വരെ എൽ.പി/ യു.പി/ ഹൈസ്കൂൾ/ കോളേജ് വിഭാഗങ്ങൾക്കായി പെൻസിൽ ഡ്രോയിംഗ് മത്സരവും, രാവിലെ 11.45 മുതൽ 12.45 വരെ ഹൈസ്കൂൾ, കോളേജ് വിഭാഗങ്ങൾക്കായി ഉപന്യാസ രചന മത്സരവും നടക്കും. ഉച്ചയ്ക്ക് 1.45 മുതൽ 2.15 വരെയുള്ള രജിസ്ട്രേഷന് ശേഷം 2.15 മുതൽ 4.15 വരെ എല്ലാ വിഭാഗങ്ങൾക്കുമായി വാട്ടർ കളർ പെയിന്റിംഗ് മത്സരവും സംഘടിപ്പിക്കും. സെപ്റ്റംബർ 25 ന് രാവിലെ 9.30 മുതൽ പത്ത് വരെ രജിസ്ട്രേഷന് ശേഷം രാവിലെ പത്ത് മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ യു.പി/ ഹൈസ്കൂൾ /കോളേജ് വിഭാഗങ്ങൾക്കായി ക്വിസ് മത്സരം നടക്കും. ഉച്ചയ്ക്ക് 1.30 മുതൽ രണ്ട് വരെയുള്ള സമയമായിരിക്കും രജിസ്ട്രേഷൻ. ഉച്ചയ്ക്ക് രണ്ട് മുതൽ നാല് വരെ ഹൈസ്കൂൾ, കോളേജ് വിഭാഗങ്ങൾക്കായി പ്രസംഗ മത്സരവും നടക്കും. എൽ.പി. വിഭാഗത്തിന് പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് എന്നീ ഇനങ്ങൾ മാത്രമായിരിക്കും. യു.പി. വിഭാഗത്തിന് ഇവ കൂടാതെ ക്വിസ് മത്സരത്തിലും പങ്കെടുക്കാം. മലയാളമായിരിക്കും മത്സരങ്ങളുടെ മാധ്യമം. മത്സരങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ സ്കൂൾ അല്ലെങ്കിൽ കോളേജ് മേധാവിയുടെ സാക്ഷ്യപത്രം (പേര്, വിലാസം, വിദ്യാലയത്തിന്റെ പേര്, ഫോൺ നമ്പർ, പഠിക്കുന്ന ക്ലാസ്സ്, മത്സരിക്കുന്ന ഇനം എന്നിവ വ്യക്തമാക്കുന്നത്) അതാത് ദിവസം നിർദ്ദിഷ്ട സമയത്ത് ഹാജരാക്കി പേര് രജിസ്റ്റർ ചെയ്യണം, മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർഥികൾ സ്കൂൾ യൂണിഫോമും ഐ.ഡി. കാർഡും ധരിക്കണം. ക്വിസ് മത്സരത്തിന് ഒരു സ്ഥാപനത്തിൽ നിന്ന് രണ്ടുപേരടങ്ങുന്ന ഒരു ടീമിനും, മറ്റ് ഇനങ്ങൾക്ക് പരമാവധി രണ്ടുപേർക്കുമാണ് പ്രവേശനം നൽകുക. മത്സരത്തിനാവശ്യമായ കടലാസുകൾ സംഘാടകർ നൽകുമെങ്കിലും മറ്റ് വര സാമഗ്രികൾ വിദ്യാർത്ഥികൾ കൊണ്ടു വരേണ്ടതാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 2500, 1500, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും, സെപ്റ്റംബർ 25 ന് മത്സരങ്ങൾ പൂർത്തിയായ ശേഷം മഹാരാജാസ് കോളേജിൽ ചേരുന്ന പൊതുയോഗത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾ ഇടപ്പള്ളിയിലുള്ള എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്ന് ലഭിക്കും.
ഫോൺ: 04842344761, ,8547603736, 8547603737, 8547303738.

## വിമുക്ത ഭടന്മാർക്ക് രജിസ്ട്രേഷൻ പുതുക്കാൻ അവസരം

**കൊച്ചി:** 2024 ഒക്ടോബർ മുതൽ 2026 ജൂൺ വരെ വിവിധ കാരണങ്ങളാൽ തൊഴിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർഥികൾക്ക് അവരുടെ തനത് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് ഒക്ടോബർ 31 വരെ രജിസ്ട്രേഷൻ പുതുക്കാൻ അവസരം. ഉദ്യോഗാർഥികൾ എറണാകുളം ജില്ലാ സൈനികക്ഷേമ ഓഫീസിൽനിന്നും നൽകിയ ഒറിജിനൽ തൊഴിൽ രജിസ്ട്രേഷൻ തിരിച്ചറിയൽ കാർഡ് സഹിതം അപേക്ഷിക്കണമെന്ന് സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ- ശിശു വികസന വകുപ്പിന്റെ കീഴിലുള്ള കോതമംഗലം ഐ.സി.ഡി.എസ് പ്രൊജക്ട് ഓഫീസിലെ ഔദ്യോഗികാവശ്യങ്ങൾക്കായി ഒരു വർഷത്തേക്ക് വാഹനം (കാർ/ജീപ്പ്) കരാർ അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിനായി വാഹനം വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ സമർപ്പിക്കേണ്ട അവസാന തിയതി സെപ്റ്റംബർ 29 ന് ഉച്ചയ്ക്ക് രണ്ട് വരെ. ടെൻഡർ ഫോമിനും കൂടുതൽ വിവരങ്ങൾക്കും കോതമംഗലം ഐ.സി.ഡി.എസ് പ്രൊജക്ട് ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട്, കോതമംഗലം പി ഒ 686691എന്ന മേൽവിലാസത്തിലോ 04852822372 ലോ ബന്ധപ്പെടുക.

**കൊച്ചി:** വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കമാലി അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസിലേക്ക് ഒക്ടോബർ മുതൽ ഒരു വർഷക്കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ ഒക്ടോബർ ആറിന് ഉച്ചയ്ക്ക് രണ്ട് വരെ സ്വീകരിക്കും. ഫോൺ: 0484 2459255, 9188959721.




# ബൗമ കോൺഎക്സ്പോയിൽ സാനി ഇന്ത്യ പുതിയ ഹെവി ഉപകരണങ്ങൾ പ്രദർശിപ്പിച്ചു

**നോയിഡ:** ഹെവി കൺസ്ട്രക്ഷൻ ഉപകരണ നിർമാതാക്കളായ സാനി ഇന്ത്യ ബൗമ കോൺഎക്സ്പോ ഇന്ത്യ 2026ൽ 13 പുതിയ ഉൽപ്പന്നങ്ങളുൾപ്പെടെ 31 യന്ത്രങ്ങളുടെ വിപുലമായ ശ്രേണി അവതരിപ്പിച്ചു. 'ഒരുമിച്ച് ഭാവി കെട്ടിപ്പടുക്കുക' എന്ന പ്രമേയത്തിൽ നിർമാണം, ഖനനം, റോഡ് നിർമാണം, ഡീപ് ഫൗണ്ടേഷൻ, തുറമുഖ പ്രവർത്തനങ്ങൾ, മെറ്റീരിയൽ ഹാൻഡ്‌ലിങ്, ഹെവി ഡ്യൂട്ടി ഗതാഗതം തുടങ്ങിയ മേഖലകൾക്കുള്ള ഉപകരണങ്ങളാണ് പ്രദർശിപ്പിച്ചത്.

വൈദ്യുതീകരണം, സാങ്കേതികവിദ്യ, സുസ്ഥിരത എന്നിവയ്ക്കാണ് പ്രദർശനത്തിൽ കമ്പനി പ്രാധാന്യം നൽകിയത്. ഇലക്ട്രിക് എക്സകവേറ്ററുകൾ, വീൽ ലോഡറുകൾ, മൈനിംഗ് ട്രക്കുകൾ, റീച്ച് സ്റ്റാക്കറുകൾ, ഏരിയൽ വർക്ക് പ്ലാറ്റ്ഫോമുകൾ, ഹെവി ഡ്യൂട്ടി വാഹനങ്ങൾ എന്നിവയും പ്രദർശനത്തിലുണ്ട്. എസ്‌വൈ 215സി9എൽസി ക്വാറി, എസ്‌വൈ 210സി9 ക്വാറി, എസ്‌വൈ215ഇ ഇലക്ട്രിക് എക്സ്കവേറ്ററുകൾ, എസ്ഡബ്ല്യൂ936ഇ ഇലക്ട്രിക് വീൽ ലോഡർ, എസ്ആർ185ഡിഡബ്ല്യു ഡീപ് ഫൗണ്ടേഷൻ റിഗ്, എസ്കെടി115ഇ ഇലക്ട്രിക് മൈനിംഗ് ട്രക്ക്, എസ്ആർഎസ്സി45ഇ3 ഇലക്ട്രിക് റീച്ച് സ്റ്റാക്കർ, എസ്പിടി42 ടെലിസ്കോപിക് ബൂം ലിഫ്റ്റ്, സാനി 5565ഇ ഇലക്ട്രിക് ട്രാക്ടർ, സാനി 3555ഇ ഇലക്ട്രിക് ടിപ്പർ എന്നിവയാണ് പുതിയ മോഡലുകളിൽ പ്രധാനപ്പെട്ടവ.ഇന്ത്യയുടെ അടിസ്ഥാനസൗകര്യ വികസനത്തിനൊപ്പം ഉൽപ്പാദനക്ഷമതയും സുസ്ഥിരതയും മുന്നോട്ടുകൊണ്ടുപോകുന്ന സാങ്കേതികവിദ്യകൾ അവതരിപ്പിക്കുകയാണ് ലക്ഷ്യമെന്ന് സാനി ഇന്ത്യ വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ദീപക് ഗാർഗ് പറഞ്ഞു.

# ഉത്സവ സീസൺ: ഫ്ലെക്സിബിൾ വെയർഹൗസിംഗ് സേവനവുമായി വിലോജിസ്

**മുംബൈ:** പെരുന്നാൾ സീസണിലെ വർധിക്കുന്ന ഇൻവെന്ററി ആവശ്യങ്ങൾ കൈകാര്യം ചെയ്യാൻ വിട്രാൻസ് ഗ്രൂപ്പിന്റെ 3പിഎൽ വിഭാഗമായ വിലോജിസ്, ഫ്ലെക്സിബിൾ പേ പെർയൂസ് വെയർഹൗസിംഗ് സേവനം അവതരിപ്പിച്ചു. ദീർഘകാല അടിസ്ഥാന സൗകര്യ നിക്ഷേപമോ അധിക സംഭരണശേഷിക്കായി സ്ഥിരമായ പ്രതിബദ്ധതയോ ഇല്ലാതെ, ആവശ്യാനുസരണം വെയർഹൗസ് സ്ഥലം ഉപയോഗിക്കാനാണ് സേവനം ലക്ഷ്യമിടുന്നത്.

ഇകൊമേഴ്സ്, റീട്ടെയിൽ, എഫ്എംസിജി, ഇലക്ട്രോണിക്സ്, കൺസ്യൂമർ ഡ്യൂറബിൾസ് തുടങ്ങിയ മേഖലകളിലെ സീസണൽ ആവശ്യങ്ങൾക്കനുസരിച്ച് സംഭരണശേഷി വർധിപ്പിക്കാനും കുറയ്ക്കാനും സംവിധാനം സഹായിക്കും.

പേപെർയൂസ്, പേപെർസ്പേസ് മാതൃകകൾ, ഹ്രസ്വദീർഘകാല വെയർഹൗസിംഗ്, ഓൺഡിമാൻഡ് സ്റ്റോറേജ്, ആവശ്യാനുസരണം വികസിപ്പിക്കാവുന്ന സ്ഥലം എന്നിവയാണ് സേവനത്തിന്റെ പ്രധാന സവിശേഷതകൾ. രാജ്യത്തുടനീളമുള്ള വെയർഹൗസിംഗ് ശൃംഖലയുടെ സഹായത്തോടെ സുരക്ഷിതവും പ്രൊഫഷണലുമായ സംഭരണസൗകര്യം ലഭ്യമാക്കുമെന്നും വിലോജിസ് അറിയിച്ചു.

# ഇന്ത്യൻ ബാങ്ക് പുതിയ ഡിജിറ്റൽ സേവനങ്ങൾ അവതരിപ്പിച്ചു

**മുംബൈ:** ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026ൽ ഇന്ത്യൻ ബാങ്ക് പുതിയ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളായ എഐതാര, സ്മാർട്ട് വെൽത്ത്, ഇൻഡ് ക്യാഷ് ഒപ്റ്റിമ' എന്നിവ അവതരിപ്പിച്ചു. ശബ്ദ നിർദേശങ്ങളിലൂടെ 10 ഭാഷകളിൽ ഫണ്ട് ട്രാൻസ്ഫർ, ഐഎംപിഎസ്, എഫ്ഡി തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതാണ് എഐതാര. മുതിർന്ന പൗരന്മാർക്കും ഡിജിറ്റൽ പരിജ്ഞാനം പരിമിതമായവർക്കും ഇത് സഹായകരമാകും.

ഇൻഡ്സ്മാർട്ടിലെ സ്മാർട്ട് വെൽത്ത് വഴി ബാങ്ക് അക്കൗണ്ടുകൾ, മ്യൂച്വൽ ഫണ്ടുകൾ, നിക്ഷേപങ്ങൾ, ഓഹരികൾ, ഇടിഎഫ്, എൻപിഎസ് എന്നിവ ഉൾപ്പെടെയുള്ള സാമ്പത്തിക പോർട്ട്ഫോളിയോ ഒരിടത്ത് കാണാനും ചെലവ് വിശകലനവും വ്യക്തിഗത സാമ്പത്തിക വിവരങ്ങളും ലഭ്യമാകും.

കോർപറേറ്റ്, സ്ഥാപന ഉപഭോക്താക്കൾക്കായി ഡിജിറ്റൽ കളക്ഷൻ, പേപ്പർലെസ് ഓൺബോർഡിംഗ്, മൊബൈൽ ക്യാഷ് മാനേജ്മെന്റ് തുടങ്ങിയ സൗകര്യങ്ങളാണ് ഇൻഡ് ക്യാഷ് ഒപ്റ്റിമ നൽകുന്നത്.



# അറബിക്കടലിൽ നിന്നും സിഎംഎഫ്ആർഐയുടെ പേരിൽ പുതിയ ഈൽ മത്സ്യം

**കൊച്ചി:** അറബിക്കടലിൽ നിന്ന് പുതിയ ഇനം ഈൽ മത്സ്യത്തെ കണ്ടെത്തി. പുതിയ മീൻ ഇനി സിഎംഎഫ്ആർഐയുടെ പേരിൽ അറയിപ്പെടും. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ(സിഎംഎഫ്ആർഐ) ഗവേഷകർ കൊല്ലം തീരത്തു നിന്ന് ഏകദേശം 300 മീറ്റർ ആഴക്കടലിൽ നിന്നാണ് മീനിനെ ലഭിച്ചത്.

കഴിഞ്ഞ ജനുവരിയിൽ ലഭിച്ച മത്സ്യം ശാസ്ത്രീയ പരിശോധനയിൽ പുതിയ ഇനം ഈൽ മത്സ്യമാണെന്ന് സിഎംഎഫ്ആർഐയിലെ ഗവേഷകർ തിരിച്ചറിയുകയായിരുന്നു. സിഎംഎഫ്ആർഐയുടെ 80ാം വാർഷികത്തിന്റെ ഭാഗമായി മീനിന് അരിയോസോമ സിഎംഎഫ്ആർഐയൻസെ എന്ന് നാമകരണം ചെയ്തു.

ഇന്ത്യയുടെ ആഴക്കടൽ ഗവേഷണ മേഖലയ്ക്ക് ഏറെ ഗുണകരമാകുന്നതാണ് ഈ ഗവേഷണ നേട്ടമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ആഴക്കടൽ മത്സ്യസമ്പത്തിനെ കുറിച്ചുള്ള ശാസ്ത്രീയ അറിവുകൾ വിപുലപ്പെടുത്താനും അതുവഴി ജൈവവൈവിധ്യ സംരക്ഷണ പരിപാലന രീതികൾ മെച്ചപ്പെടുത്താനും സഹായിക്കും.

മീനിന്റെ അടിഭാഗത്ത് കാണപ്പെടുന്ന കറുത്ത പുള്ളികളാണ് പ്രധാന ആകർഷണം. ഇതേ വർഗത്തിൽപെട്ട മറ്റ് ഈൽ മത്സ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി നിരവധി പ്രത്യേകതകൾ ശാസ്ത്രീയ പരിശോധനയിൽ വ്യക്തമായതോടെയാണ് പുതിയ ഇനം മീനാണെന്ന് ഗവേഷകർ തിരിച്ചറിഞ്ഞത്.

കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ആഴക്കടൽ ദൗത്യത്തിന്റെ ഭാഗമായി സിഎംഎഫ്ആർഐ നടപ്പാക്കുന്ന ഗവേഷണത്തിലാണ് പുതിയ മീനിനെ തിരിച്ചറിഞ്ഞത്. ഇവയുടെ വാണിജ്യപരമായ സാധ്യതകൾ പഠനം നടത്തി മാത്രമേ പറയാനാകൂവെന്ന് ഗവേഷണ പദ്ധതിക്ക് നേതൃത്വം നൽകുന്ന സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. രേഖ ജെ. നായർ പറഞ്ഞു.

പുതിയ മത്സ്യം കണ്ടെത്തിയതായുള്ള ശാസ്ത്ര പഠനം അന്താരാഷ്ട്ര ടാക്സോണമിക് ജേണലായ സൂടാക്സയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# മിനി ജോബ് ഫെയർ

**ആലുവ:** ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ മോഡൽ കരിയർ സെന്ററിന്റെയും സതേൺ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ മിനി ജോബ് ഫെയർ സംഘടിപ്പിക്കുന്നു. ഏരിയ മാനേജർ, സീനിയർ സെയിൽസ് മാനേജർ, സെയിൽസ് മാനേജർ തസ്തികകളിലെ ഒഴിവുകളിലേക്കാണ് നിയമനം. എസ്.എസ്.എൽ.സി., ഡിഗ്രി യോഗ്യതയുള്ള 40 വയസ്സുവരെയുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ 2026 സെപ്റ്റംബർ 22 ന് രാവിലെ 10 മണിക്ക് കാലടി എം.സി. റോഡിലെ കനറ ബാങ്കിന് മുകളിലുള്ള ഇ.ജെ. ടവറിലെ ഒന്നാം നിലയിലുള്ള ഓഫീസിൽ ബയോഡാറ്റയുമായി നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 2631240 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

# ഏറ്റവും വലിയ പ്രവർത്തന ശൃംഖലാ വിപുലീകരണം പ്രഖ്യാപിച്ച് ആമസോൺ

**കൊച്ചി :** ഈ വരുന്ന ഉത്സവ സീസണിന് മുന്നോടിയായി തങ്ങളുടെ ഏറ്റവും വലിയ പ്രവർത്തന ശൃംഖലാ വിപുലീകരണം പ്രഖ്യാപിച്ച് ആമസോൺ. 20 പുതിയ ഫുൾഫിൽമെന്റ് സെന്ററുകൾ, 6 പുതിയ സോർട്ട് സെന്ററുകൾ, 150 പുതിയ ലാസ്റ്റ്മൈൽ ഡെലിവറി സ്റ്റേഷനുകൾ എന്നിവയാണ് കമ്പനി ആരംഭിക്കുന്നത്. ഈ വിപുലീകരണത്തോടെ ആമസോണിന്റെ ആകെ സംഭരണശേഷി 50% വർധിച്ച് 6.4 കോടി ക്യൂബിക് അടിയായി ഉയരും. ലോജിസ്റ്റിക്സ് രംഗത്തെ പ്രമുഖ പങ്കാളികൾ വഴിയായിരിക്കും ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുക.ചിക്കബെല്ലാപ്പൂർ, ഹാസൻ, മീററ്റ്, രാമനഗരം, റായ്പൂർ, വാരണാസി എന്നിവിടങ്ങളിൽ ആരംഭിക്കുന്ന പുതിയ സോർട്ട് സെന്ററുകൾ കമ്പനിയുടെ മൊത്തം സോർട്ടിംഗ് ഏരിയ 25% വർധിപ്പിച്ച് 30 ലക്ഷം ചതുരശ്ര അടിയാക്കി മാറ്റും. ഇന്ത്യയിലുടനീളം 118 നഗരങ്ങളിലായി 150 പുതിയ ഡെലിവറി സ്റ്റേഷനുകൾ ആരംഭിച്ചതിലൂടെ ചെറിയ നഗരങ്ങളിലേക്കും ഗ്രാമീണ മേഖലകളിലേക്കും ആമസോണിന്റെ സേവനം നേരിട്ടെത്തും. കഴിഞ്ഞ ഒരു വർഷത്തിനിടെ ഒരേദിവസത്തെ ഡെലിവറി ലഭിക്കുന്ന നഗരങ്ങളുടെ എണ്ണത്തിൽ 30% വർധനവാണുണ്ടായിട്ടുള്ളത്.

ഇന്ത്യൻ വിപണിയിലെ പ്രവർത്തനങ്ങളും സാങ്കേതികവിദ്യയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 2,800 കോടി രൂപയുടെ (300 ദശലക്ഷം യു.എസ് ഡോളർ) നിക്ഷേപം നടത്തുന്നുണ്ടെന്ന് ആമസോൺ ഇന്ത്യ, എപിഎസി, മിഡിൽ ഈസ്റ്റ്, തുർക്കി, ആഫ്രിക്ക മേഖലകളുടെ ഓപ്പറേഷൻസ് വൈസ് പ്രസിഡന്റ് അഭിനവ് സിംഗ് വ്യക്തമാക്കി.



# പത്തര കോടി രൂപയുടെ നിക്ഷേപം സമാഹരിച്ച് കെഎസ് യുഎം ഗെയിമിംഗ് സ്റ്റാർട്ടപ്പായ എആർസി

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽ( കെഎസ് യുഎം) രജിസ്റ്റർ ചെയ്ത ഗെയിമിങ് സാങ്കേതികവിദ്യാ സ്റ്റാർട്ടപ്പായ എആർസി പ്രീസീഡ് ഫണ്ടിങ് റൗണ്ടിലൂടെ 10.5 കോടി രൂപയുടെ നിക്ഷേപസമാഹരണം നടത്തി. ആഗോള നിക്ഷേപ സ്ഥാപനങ്ങളായ ചിമേര വിസി, മിക്സി ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ്സ് എന്നീ സ്ഥാപനങ്ങളാണ് നിക്ഷേപം നടത്തിയത്. മെറ്റാ അപാക് ഡയറക്ടർ ധ്രുവ് വോറ വ്യക്തിഗത നിക്ഷേപവും നടത്തി.

ജോബിൻ ജോസഫ്, കൗസ്തുഭ് കെ. ജാദവ്, അഭിരാം കൃഷ്ണ ആർ എസ്, ഡാനിയൽ ജാക്കോൺ എന്നിവരാണ് എആർസിയുടെ സ്ഥാപകർ. രാജ്യത്തെ ഗെയിമർമാർക്ക് മികച്ച ഗെയിമിങ് അനുഭവം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 'എആർസി എക്സ്1' എന്ന പോർട്ടബിൾ ഗെയിമിങ് സിസ്റ്റം വികസിപ്പിച്ചു വരികയാണ്.

ക്വാൽകോം സാങ്കേതികവിദ്യയുടെ കരുത്തിൽ പ്രവർത്തിക്കുന്ന എആർസി എക്സ്1, ആൻഡ്രോയിഡ് ഗെയിമുകൾ, പിസി ഗെയിമുകൾ, ക്ലൗഡ് ഗെയിമിങ് തുടങ്ങിയവയിൽ ഒരുപോലെ പ്രവർത്തിക്കും. സ്വന്തം ഓപ്പറേറ്റിങ് സിസ്റ്റമായ ഔൾ ഒഎസ് അടക്കമുള്ള ഹാർഡ്‌വെയർസോഫ്റ്റ്‌വെയർ സൗകര്യങ്ങളും എആർസി ഇതിലൂടെ ഒരുക്കുന്നുണ്ട്.

പുതിയ മൂലധന സമാഹരണത്തിലൂടെ ഹാർഡ്‌വെയർ എൻജിനീയറിങ്, പ്രൊഡക്ട് വാലിഡേഷൻ, നിർമ്മാണം, സപ്ലൈചെയിൻ എന്നിവ വേഗത്തിലാക്കാനും ഒപ്പം ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ ഗെയിമിങ് സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോമിന്റെയും വികസനം ശക്തിപ്പെടുത്താനും കമ്പനിക്ക് സാധിക്കും. വിപണിയിലെത്തുന്നതിന് മുന്നോടിയായി തന്നെ 50,000ത്തിലധികം ആളുകൾ രജിസ്റ്റർ ചെയ്ത വെയിറ്റ്‌ലിസ്റ്റും ക്വാൽകോമുമായുള്ള പങ്കാളിത്തവും എആർസിക്ക് മുതൽക്കൂട്ടാണ്. ഹാർഡ്‌വെയർഡീപ്ടെക് മേഖലയിൽ കേരളത്തിലെ സ്റ്റാർട്ടപ്പുകൾ നടത്തുന്ന മുന്നേറ്റങ്ങൾ സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്ക് വലിയ ഊർജ്ജമാണ് നൽകുന്നത്.

# സൈബർ തട്ടിപ്പിനെതിരെ ബോധവത്ക്കരണം സംഘടിപ്പിച്ചു

**കൊച്ചി:** സൈബർ തട്ടിപ്പുകളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവത്കരിക്കുന്നതിനായി നടപ്പാക്കുന്ന സൈബർ തട്ടിപ്പ് ബോധവത്കരണ പരിപാടിയായ 'നോക്കൗട്ട് ഡിജിറ്റൽ ഫ്രോഡ്' സംഘടിപ്പിച്ചു.തൃശൂർ കോഓപ്പറേറ്റീവ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടന്ന ബോധവത്കരണ പരിപാടിയിൽ തൃശൂർ സൈബർ സെല്ലിലെ സിവിൽ പോലീസ് ഓഫീസർ മിഥുൻ കെ. ജെ. ബോധവത്കരണ ക്ലാസിന് നേതൃത്വം നൽകി.

സ്വകാര്യ വിവരങ്ങൾ പൊതുഇടങ്ങളിലോ സൈബർ ഇടങ്ങളിലോ ഉപയോഗിക്കുമ്പോഴും പങ്കുവയ്ക്കുമ്പോഴും ഉപഭോക്താക്കൾ ജാഗ്രത പാലിക്കണമെന്ന് സിവിൽ പോലീസ് ഓഫീസർ മിഥുൻ കെ. ജെ. പറഞ്ഞു. സൈബർ കേസുകളെ അതീവ പ്രാധ്യാനത്തോട് കൂടിയാണ് പോലീസ് സമീപിക്കുന്നത്. സൈബർ കുറ്റകൃത്യങ്ങൾ, സൈബർ സ്പേസ് ഉപയോഗിച്ചുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായ് പൊലീസ് കർശന നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



സാമ്പത്തിക ഇടപാടുകൾക്കിടെ ഉപഭോക്താക്കൾ നേരിടുന്ന വിവിധ തരത്തിലുള്ള ഭീഷണികളെക്കുറിച്ചും സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മികച്ച മാർഗങ്ങളെക്കുറിച്ചും ഡിജിറ്റൽ ഉപഭോക്താക്കളെ ബോധവത്കരിക്കുകയാണ് 'നോക്കൗട്ട് ഡിജിറ്റൽ ഫ്രോഡ്' പരിപാടിയുടെ ലക്ഷ്യം.

വ്യാജ ഒടിപി തട്ടിപ്പുകൾ, ഫിഷിങ് തട്ടിപ്പുകൾ, ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ, ക്യുആർ കോഡ് തട്ടിപ്പുകൾ, വായ്പാ തട്ടിപ്പുകൾ, യുപിഐ തട്ടിപ്പുകൾ, വളർന്നുവരുന്ന മറ്റ് സൈബർ അധിഷ്ഠിത സാമ്പത്തിക തട്ടിപ്പ് രീതികൾ എന്നിവയെക്കുറിച്ചും ബോധവത്കരണം നടത്തി. കോളേജ് ലക്ചറർ സന്തോഷ് പാടിയത്ത് സ്വാഗതവും വിദ്യാർത്ഥി പ്രതിനിധി അമീൻ നന്ദിയും പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ സുരേഷ്കുമാർ ടി,തുടങ്ങിയവർ പങ്കെടുത്തു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ എൻബിഎഫ്സികൾക്കുള്ള 2024ലെ ഫ്രോഡ് റിസ്ക് മാനേജ്മെന്റ് മാർഗനിർദേശങ്ങളുടെ പശ്ചാത്തലത്തിൽ ബജാജ് ഫിനാൻസ് നടത്തുന്ന സൈബർ തട്ടിപ്പ് ബോധവത്കരണ പരിപാടിയാണ് 'നോക്കൗട്ട് ഡിജിറ്റൽ ഫ്രോഡ്'.

# ആസ് ഐ ആം ഫൊട്ടോഗ്രാഫി വീഡിയോഗ്രാഫി മത്സരം

**കൊച്ചി:** ഭിന്നശേഷി സമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങൾ പകർത്താൻ ലക്ഷ്യമിട്ട് അസോസിയേഷൻ ഓഫ് പീപ്പിൾ വിത്ത് ഡിസെബിലിറ്റി ആസ് ഐ ആം' എന്ന പേരിൽ ദേശീയ ഫൊട്ടോഗ്രാഫി, വീഡിയോഗ്രാഫി കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചു.

ഇന്ത്യയിൽ അമ്പത് ദശലക്ഷത്തിലധികം ഭിന്നശേഷിക്കാരുണ്ടെങ്കിലും മുഖ്യധാരാ മാധ്യമങ്ങളിലും പരസ്യങ്ങളിലും അവർ അവഗണിക്കപ്പെടുകയോ ദയയുടെയും അതിമാനുഷികതയുടെയും ലെൻസിലൂടെ മാത്രം ചിത്രീകരിക്കപ്പെടുകയോ ചെയ്യുന്നു. ഈ സ്ഥിതി മാറ്റാനായി രാജ്യത്തുടനീളമുള്ള ഫൊട്ടോഗ്രാഫർമാർക്കും വീഡിയോഗ്രാഫർമാർക്കും ദൃശ്യആഖ്യാതാക്കൾക്കും ഭിന്നശേഷിക്കാരുടെ സാധാരണവും സന്തോഷം നിറഞ്ഞതുമായ ജീവിത യാഥാർത്ഥ്യങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ ഈ മത്സരം അവസരം ഒരുക്കുന്നു. ഒക്ടോബർ 31 അർദ്ധരാത്രി വരെ എൻട്രികൾ സമർപ്പിക്കാം. അന്താരാഷ്ട്ര ഭിന്നശേഷി ദിനമായഡിസംബർ 3ന് വിജയികളെ പ്രഖ്യാപിക്കും. മികച്ച എൻട്രി, മികച്ച വളർന്നുവരുന്ന കഥാകൃത്ത്, ഭിന്നശേഷിയുള്ള മികച്ച ഫൊട്ടോഗ്രാഫർ എന്നീ മൂന്ന് വിഭാഗങ്ങളിലാണ് സമ്മാനങ്ങൾ നൽകുന്നത്.

ക്യാഷ് പ്രൈസുകൾക്ക് പുറമെ ജൂറി അംഗങ്ങളുടെ മെന്റർഷിപ്പ് സെഷനുകൾ, റോയൽട്ടിയോടുകൂടിയ ആഗോള സ്റ്റോക്ക് ഇമേജ് ലൈബ്രറിയിൽ പ്രവേശനം, പൊതുപ്രദർശനം, ദേശീയ മാധ്യമങ്ങളിൽ ശ്രദ്ധ, എ.പി.ഡിയുടെ ഔദ്യോഗിക സർട്ടിഫിക്കറ്റ് എന്നിവയും വിജയികളെ കാത്തിരിക്കുന്നുണ്ട്.

ചലച്ചിത്ര പ്രവർത്തകൻ ആർ. ബാൽകി, സിനിമാട്ടോഗ്രാഫർ സന്തോഷ് ശിവൻ, ജോസി പോൾ, സ്നേഹ ഐപ്പ്, മാനസി ജോഷി, ഇഷാൻ നായർ, മോഹിത് അഹൂജ, ലൂയിസ് മിറാൻഡ എന്നിവരടങ്ങുന്ന ഉന്നതതല ജൂറിയാണ് വിജയികളെ തിരഞ്ഞെടുക്കുന്നത്. തനിഷ്ക് മുഖ്യ സ്പോൺസറായും അസിം പ്രേംജി ഫൗണ്ടേഷൻ മുഖ്യ പിന്തുണക്കാരായും ഈ കാമ്പെയ്നൊപ്പം ചേർന്നിട്ടുണ്ട്. ০০০.മശെമാമുറ.രീാ എന്ന വെബ്സൈറ്റ് സന്ദർശിച്ചോ മശെമാ@മുറശിറശമ.ീൃഴ എന്ന വിലാസത്തിൽ ഇമെയിൽ അയച്ചോ കൂടുതൽ വിവരങ്ങൾ അറിയാനും എൻട്രികൾ സമർപ്പിക്കാനും സാധിക്കും.

## ടാറ്റാ മോട്ടോഴ്സിന്റെ വാണിജ്യ വാഹനങ്ങൾക്ക് ഒക്ടോബർ മുതൽ വില വർദ്ധിക്കും

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ് വാണിജ്യ വാഹനങ്ങളുടെ വില വർദ്ധന പ്രഖ്യാപിച്ചു. ഒക്ടോബർ 1 മുതൽ വാണിജ്യ വാഹനങ്ങൾക്ക് 1 ശതമാനം വില വർദ്ധിക്കുമെന്ന് കമ്പനി അറിയിച്ചു.

അസംസ്കൃത വസ്തുക്കളുടെയും മറ്റ് ഉൽപ്പാദന ഘടകങ്ങളുടെയും ചെലവിലുണ്ടായ വർധനവ് നികത്തുന്നതിനാണ് വില വർദ്ധന. വാഹനത്തിന്റെ മോഡലിനെയും വകഭേദത്തെയും ആശ്രയിച്ച് വർധനവിൽ വ്യത്യാസമുണ്ടാകും.

## 100 കോടി ഡോളർ നിക്ഷേപവുമായി ഗേറ്റ്സ് ഫൗണ്ടേഷൻ

**കൊച്ചി:** ആരോഗ്യരംഗത്തും വിദ്യാഭ്യാസ മേഖലയിലും അവസരങ്ങൾ വിപുലീകരിക്കുന്നതിനായി തുല്യമായ എഐ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് ഗേറ്റ്സ് ഫൗണ്ടേഷൻ അടുത്ത രണ്ട് വർഷത്തിനുള്ളിൽ കുറഞ്ഞത് 100 കോടി യുഎസ് ഡോളർ ചെലവഴിക്കും. ഫൗണ്ടേഷന്റെ പത്താമത് വാർഷിക ഗോൾകീപ്പേഴ്സ് റിപ്പോർട്ടിലാണ് പ്രഖ്യാപനം. എഐയുടെ നേട്ടങ്ങൾ സമ്പന്നർക്കും ദരിദ്രർക്കുമിടയിലെ അന്തരം വർധിപ്പിക്കാതെ കുറയ്ക്കുന്നതിനുള്ള നടപടികൾ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. വിദ്യാഭ്യാസത്തിനും ആരോഗ്യപരിചരണത്തിനും 40 ശതമാനം വീതവും കൃഷിക്ക് 10 ശതമാനവും ഡിജിറ്റൽ അടിസ്ഥാന സൗകര്യ വികസനത്തിന് 10 ശതമാനവും ഫണ്ട് വിനിയോഗിക്കും. വിവിധ ഭാഷകളിൽ പ്രവർത്തിക്കുന്ന എഐ ടൂളുകൾ വികസിപ്പിക്കുന്നതിനും പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനും ഫൗണ്ടേഷൻ മുൻഗണന നൽകും.

# റെഡ്മി നോട്ട് 17 പ്രോ സീരീസ് പുറത്തിറക്കി



**കൊച്ചി:** ഇടത്തരം സ്മാർട്ട്ഫോൺ വിഭാഗത്തിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഷവോമി ഇന്ത്യ 'റെഡ്മി നോട്ട് 17 പ്രോ' സീരീസ് പുറത്തിറക്കി. റെഡ്മി നോട്ട് 17 പ്രോ മാക്സിൽ 100വാട്ട് ഹൈപ്പർ ചാർജുള്ള 10,000 എംഎഎച്ച് സിലിക്കൺകാർബൺ ബാറ്ററിയും, റെഡ്മി നോട്ട് 17 പ്രോയിൽ 67 വാട്ട് ഹൈപ്പർചാർജുള്ള 9,000 എംഎഎച്ച് ബാറ്ററിയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്.ജി.എസ്., ടി.യു.വി. ഡബിൾ ഫൈവ്സ്റ്റാർ ക്വാളിറ്റി സർട്ടിഫിക്കേഷനുകൾ, കോർണിംഗ് ഗൊറില്ല വിക്ടസ് 2 സംരക്ഷണം, ഐ.പി. 66, ഐ.പി.68, ഐ.പി.69, ഐ.പി. 69കെ റേറ്റിംഗുകൾ എന്നിവയോടു കൂടിയ ഷവോമിയുടെ 'ടൈറ്റൻ ക്വാളിറ്റി' മാനദണ്ഡമാണ് ഈ ഫോണുകളുടെ പ്രധാന കരുത്ത്.

ഈ ഫോണുകളിൽ 6.83 ഇഞ്ച് 1.5കെ അമോലെഡ് സൂപ്പർ സൺലൈറ്റ് ഡിസ്പ്ലേ നൽകിയിരിക്കുന്നു. പ്രോ മാക്സ് മോഡലിൽ സ്നാപ് ഡ്രാഗൺ 6 ജെൻ 5 പ്രൊസസ്സറും 50 എംപി ഒഐഎസ് മെയിൻ ക്യാമറയും (32 എംപി മുൻ ക്യാമറ) ഉള്ളപ്പോൾ, പ്രോ മോഡലിൽ സ്നാപ ഡ്രാഗൺ 6എസ് ജെൻ 4 പ്രൊസസ്സറും 50 എംപി ഒഐഎസ് മെയിൻ ക്യാമറയും ( 16 എംപി മുൻ ക്യാമറ) ഉൾക്കൊള്ളിച്ചിരിക്കുന്നു. ആൻഡ്രോയിഡ് 16 അടിസ്ഥാനമാക്കിയുള്ള ഷവോമി ഹൈപ്പർഒഎസ് 3 പ്രവർത്തിക്കുന്ന ഈ സീരീസിന് 4 വർഷത്തെ സോഫ്റ്റ്വെയർ അപ്ഡേറ്റുകളും 6 വർഷത്തെ സുരക്ഷാ പാച്ചുകളും ലഭിക്കും.

റെഡ്മി നോട്ട് 17 പ്രോ 8ജിബി പ്ലസ് 128ജിബി മോഡലിന് 36,999 രൂപയും, 8ജിബി പ്ലസ് 256 ജിബി മോഡലിന് 39,999 രൂപയുമാണ് വില. റെഡ്മി നോട്ട് 17 പ്രോ മാക്സ് 8ജിബി പ്ലസ് 256ജിബി മോഡലിന് 49,999 രൂപയും, 12ജിബി പ്ലസ് 256ജിബി മോഡലിന് 55,999 രൂപയുമാണ് വില.. കൂടാതെ, എസ്.ബി.ഐ., ആക്സിസ്, കൊട്ടക്, ഐ.ഡി.എഫ്.സി. ഫസ്റ്റ് ബാങ്ക് കാർഡുകൾ ഉപയോഗിച്ച് വാങ്ങുമ്പോൾ 5,000 രൂപ വരെ തൽക്ഷണ കിഴിവോ അല്ലെങ്കിൽ എച്ച്.ഡി.ബി. ഫിനാൻഷ്യൽ സർവീസസ് വഴി 10% ക്യാഷ്ബാക്കോ ലോഞ്ച് ഓഫറായി നേടാം.

റെഡ്മി നോട്ട് 17 പ്രോ 5ജി സെപ്റ്റംബർ 17 മുതലും, റെഡ്മി നോട്ട് 17 പ്രോ മാക്സ് 5ജി സെപ്റ്റംബർ 23 മുതലും മി ഡോട്കോം, ആമസോൺ, ഷവോമി റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവയിലൂടെ വിൽപ്പനയ്ക്കെത്തും. ഈ സ്മാർട്ട്ഫോണുകൾക്കൊപ്പം മൂന്ന് മാസത്തെ യൂട്യൂബ് പ്രീമിയം ലൈറ്റ്, ആറ് മാസത്തെ ഗൂഗിൾ വൺ, മൂന്ന് മാസത്തെ ഈസിഡൈനർ പ്രൈം അംഗത്വം എന്നിവ ലഭിക്കും. കൂടാതെ, അർഹരായ ജിയോ ഉപയോക്താക്കൾക്ക് 200 രൂപയുടെ ഒ.ടി.ടി. പാസ് വഴി പ്രീമിയം ആപ്പുകളും 18 മാസത്തെ ഗൂഗിൾ ജെമിനി പ്രോ ആനുകൂല്യങ്ങളും സ്വന്തമാക്കാം.

# എയു സ്മോൾ ഫിനാൻസ് ബാങ്കിന്റെ വീൽസ് ബിസിനസ് കൈകാര്യം ചെയ്യുന്ന ആസ്തി 50,000 കോടി രൂപ കടന്നു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ സ്മോൾ ഫിനാൻസ് ബാങ്കായ എയു സ്മോൾ ഫിനാൻസ് ബാങ്കിന്റെ വാഹന വായ്പാ വിഭാഗമായ 'വീൽസ് ബിസിനസ്' കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തി 50,000 കോടി രൂപ കടന്നു. യൂണിവേഴ്സൽ ബാങ്കായി മാറുന്നതിന് റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ച രാജ്യത്തെ ആദ്യ സ്മോൾ ഫിനാൻസ് ബാങ്ക് കൂടിയാണ് എയു സ്മോൾ ഫിനാൻസ് ബാങ്ക്. 2026 ആഗസ്റ്റിലാണ് വായ്പാ വിഭാഗം ആസ്തി 50,000 കോടി രൂപയെന്ന നാഴികക്കല്ല് മറികടന്നത്. ബാങ്കിന്റെ മൊത്തം വായ്പകളുടെ മൂന്നിലൊന്ന് ഭാഗവും ഈ വിഭാഗത്തിൽ നിന്നാണ്. കഴിഞ്ഞ 3 വർഷത്തിൽ 26 ശതമാനവും, 5 വർഷത്തിൽ 29 ശതമാനവും സ്ഥിരതയുള്ള വളർച്ച ഈ വിഭാഗം രേഖപ്പെടുത്തി.

ആകെയുള്ള 50,000ത്തിലധികം കോടി രൂപയിൽ 30,752 കോടി രൂപ പുതിയ വാഹനങ്ങൾക്കും, 17,966 കോടി രൂപ സെക്കൻഡ് ഹാൻഡ് വാഹനങ്ങൾക്കും, 1,767 കോടി രൂപ ഇരുചക്ര വാഹനങ്ങൾക്കുമായി നൽകിയ വായ്പകളാണ്. രാജ്യത്തെ 2,000ത്തോളം കേന്ദ്രങ്ങളിലെ 3,000ത്തിലധികം സർവീസ് ടച്ച് പോയിന്റുകളിലൂടെ 13.7 ലക്ഷത്തിലധികം ഉപഭോക്താക്കൾക്കാണ് ഈ വിഭാഗം സേവനം നൽകുന്നത്. 1996ൽ രാജസ്ഥാനിലെ സ്വയംതൊഴിൽ കണ്ടെത്താൻ ആഗ്രഹിച്ച സംരംഭകർക്കും ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർക്കും സാമ്പത്തിക സഹായം നൽകിക്കൊണ്ടാണ് എയു പ്രവർത്തനം ആരംഭിച്ചത്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി കർഷകർ, കോൺട്രാക്ടർമാർ, ടാക്സി ഉടമകൾ, ചെറുകിട സംരംഭകർ എന്നിവർക്ക് വാഹന വായ്പകൾ ലഭ്യമാക്കി അവരുടെ സാമ്പത്തിക പുരോഗതിക്ക് ബാങ്ക് മുൻഗണന നൽകി വരുന്നു.

30 വർഷം മുൻപ് കഠിനാധ്വാനികളായ സംരംഭകരെ സഹായിക്കാൻ തുടക്കമിട്ട ഈ പ്രസ്ഥാനം, ഇന്ന് 13 ലക്ഷത്തിലേറെ ഉപഭോക്താക്കളുടെ വിശ്വാസമാർജ്ജിച്ചിരിക്കുകയാണ്. ഈ വലിയ നേട്ടം വെറുമൊരു സാമ്പത്തിക വളർച്ച മാത്രമല്ല, മറിച്ച് ലക്ഷക്കണക്കിന് ആളുകളുടെ ജീവിത പുരോഗതിയുടെ സാക്ഷ്യപത്രം കൂടിയാണെന്ന് എയു സ്മോൾ ഫിനാൻസ് ബാങ്ക് സ്ഥാപകനും എംഡിയും സിഇഒയുമായ സഞ്ജയ് അഗർവാൾ പറഞ്ഞു.

# പുരുഷ വന്ധ്യതയിൽ വർധനയെന്ന് നോവ ഐവിഎഫ് ഫെർട്ടിലിറ്റി

**കൊച്ചി:** പുരുഷ വന്ധ്യതാ പ്രശ്നങ്ങൾ വർധിച്ചുവരുന്നതായി പാലക്കാട് നോവ ഐവിഎഫ് ഫെർട്ടിലിറ്റിയിലെ ഫെർട്ടിലിറ്റി സ്പെഷ്യലിസ്റ്റ് ഡോ. ദീപ്തി സുരേന്ദ്രൻ പറഞ്ഞു. ചികിത്സയ്ക്കെത്തിയ പുരുഷന്മാരിൽ 41 ശതമാനം പേരിലും ബീജത്തിന്റെ എണ്ണം, ചലനശേഷി തുടങ്ങിയവയിൽ അസാധാരണത കണ്ടെത്തിയതായി അവർ വ്യക്തമാക്കി. ഇവരിൽ 66 ശതമാനത്തിലധികം പേർ 31നും 40നും ഇടയിൽ പ്രായമുള്ളവരായിരുന്നു. ശരീരസൗന്ദര്യം വർധിപ്പിക്കുന്നതിനായി മെഡിക്കൽ മേൽനോട്ടമില്ലാതെ ടെസ്റ്റോസ്റ്റിറോൺ, അനബോളിക് സ്റ്റിറോയിഡുകൾ എന്നിവ ഉപയോഗിക്കുന്നത് ബീജോൽപാദനത്തെ ബാധിക്കാമെന്നും ഡോക്ടർ മുന്നറിയിപ്പ് നൽകി. പ്രായം, അമിതവണ്ണം, പ്രമേഹം, സമ്മർദം, ഉറക്കക്കുറവ്, പുകവലി, അമിത മദ്യപാനം, ഉദാസീനമായ ജീവിതശൈലി തുടങ്ങിയവയും പുരുഷ പ്രത്യുത്പാദന ആരോഗ്യത്തെ ബാധിക്കാം. വന്ധ്യതാ പ്രശ്നങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനായി ദമ്പതികൾ ഒരുമിച്ച് പരിശോധന നടത്തണമെന്നും അവർ നിർദേശിച്ചു.

# ആമസോൺ ഇന്ത്യയിലെ വിൽപ്പനക്കാരുടെ എണ്ണം 20 ലക്ഷം കടന്നു

**തിരുവനന്തപുരം:** ഇകൊമേഴ്സ് വിപണിയായ ആമസോൺ ഇന്ത്യയുടെ വിൽപ്പനക്കാരുടെ എണ്ണം 20 ലക്ഷം കവിഞ്ഞു. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിലെ ഏറ്റവും ശക്തമായ വാർഷിക വളർച്ചയാണ് വിൽപ്പനക്കാരുടെ എണ്ണത്തിൽ രേഖപ്പെടുത്തിയതെന്ന് ആമസോൺ ഇന്ത്യ വ്യക്തമാക്കി. കേരളത്തിലെ വിൽപ്പനക്കാരുടെ എണ്ണം 38,000 കടന്നു. സംസ്ഥാനത്തെ 11,000ത്തിലധികം പ്രാദേശിക സ്ഥാപനങ്ങളും ആമസോണിൽ വിൽപ്പന നടത്തുന്നുണ്ട്.

ഉത്സവകാല വിൽപ്പനയ്ക്ക് മുന്നോടിയായി കേരളത്തിലെ ഉൾപ്പെടെ രാജ്യത്തെ ചെറുകിട, ഇടത്തരം സംരംഭകരെ കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി എഐ അധിഷ്ഠിത ഉപകരണങ്ങളും സാങ്കേതിക സംവിധാനങ്ങളും കമ്പനി ശക്തമാക്കിയിട്ടുണ്ട്. ഉത്സവകാല വിൽപ്പനയ്ക്കായി രാജ്യത്തെ വിവിധ നഗരങ്ങളിൽ 20ലധികം സെല്ലർ കണക്ട്സ്, ആഡ്സ് ഹൈവ് വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുമെന്ന് ആമസോൺ അറിയിച്ചു.




# യുവ ഇന്ത്യയുടെ കഠിനാധ്വാനത്തിന് സംഗീതാവിഷ്കാരവുമായി നെസ്കഫെയും സ്പോട്ടിഫൈയും

**കൊച്ചി:** യുവ ഇന്ത്യയുടെ കഠിനാധ്വാനത്തിനും സ്വപ്നങ്ങൾക്കും പുതിയ സംഗീതതാളമൊരുക്കാൻ നെസ്കഫെയും സ്പോട്ടിഫൈയും ഒന്നിക്കുന്നു. ഇതിന്റെ ഭാഗമായി 'നെസ്കഫെ ഹസിൽ ആന്തം' എന്ന പുതിയ റാപ്പ് ഗാനം പുറത്തിറക്കി.

രാത്രി വൈകിയുള്ള പഠനം, സർഗാത്മക പരിശ്രമങ്ങൾ, സ്വന്തമായി എന്തെങ്കിലും നിർമ്മിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി യുവത്വത്തിന്റെ തിരക്കുപിടിച്ച ജീവിതത്തെ കോർത്തിണക്കിയാണ് ഈ ഗാനം തയ്യാറാക്കിയിരിക്കുന്നത്.

മെറ്റ, സ്പോട്ടിഫൈ, യൂട്യൂബ് തുടങ്ങിയ പ്രധാന പ്ലാറ്റ്ഫോമുകളിലൂടെ ഗാനം ലഭ്യമാണ്. യുവജനങ്ങൾക്കിടയിൽ തരംഗമാകുന്ന ഈ സംഗീത പ്രചാരണത്തിന് പ്രമുഖ സ്രഷ്ടാക്കളും പിന്തുണയേകുന്നുണ്ട്. യുവതലമുറയുടെ കഠിനാധ്വാനത്തിന് കരുത്തുപകരുകയാണ് ഈ കൂട്ടുകെട്ടിന്റെ ലക്ഷ്യമെന്ന് നെസ്‌ലെ ഇന്ത്യ പൗഡർലിക്വിഡ് പാനീയ വിഭാഗം മേധാവി സുനയൻ മിത്ര വ്യക്തമാക്കി.

# 2.5 ലക്ഷം തൊഴിലവസരങ്ങളുമായി ഫ്ളിപ്കാർട്ട്

**കൊച്ചി:** ഉത്സവകാല വിൽപ്പനയുടെ ഭാഗമായി ഫ്ളിപ്കാർട്ട് രാജ്യത്ത് 2.5 ലക്ഷത്തിലധികം നേരിട്ടും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കും. ഇതിൽ ഏകദേശം 75,000 അവസരങ്ങൾ ആദ്യമായി തൊഴിൽ മേഖലയിലേക്ക് പ്രവേശിക്കുന്നവർക്കാണ്. പുതിയ തൊഴിലവസരങ്ങളുടെ 60 ശതമാനവും അവസാനഘട്ട ഡെലിവറി മേഖലയിലാണ്. ഇതിനായി 900ലധികം പുതിയ ഫെസ്റ്റീവ് ഡെലിവറി ഹബ്ബുകളും ആരംഭിക്കും. ടയർ 2, ടയർ 3 വിപണികളിലെ വർധിച്ചുവരുന്ന ആവശ്യകതയും ഫ്ളിപ്കാർട്ട് മിനിറ്റ്സിന്റെ വിപുലീകരണവുമാണ് തൊഴിലവസര വർധനയ്ക്ക് പ്രധാന കാരണം. സപ്ലൈ ചെയിൻ മേഖലയിലെ ഫ്ളിപ്കാർട്ട് ജീവനക്കാരിൽ സ്ത്രീകളുടെ പ്രാതിനിധ്യം 20 ശതമാനത്തിന് മുകളിലെത്തി. സപ്ലൈ ചെയിൻ ഓപ്പറേഷൻസ് അക്കാദമി വഴി 10,000ത്തോളം പേർക്ക് സർട്ടിഫിക്കേഷനും നൽകിയിട്ടുണ്ട്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com